മദ്രാസ് ഗവണ്മെൻറിനു് ഈ ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ടു്. ഇങ്ങിനെ ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിക്കു് ഈ ഗവണ്മെൻറിനു് റായൽറ്റി ലഭിക്കുന്നതാണു്.

കയറിനു പുതിയ മാർക്കറ്റുകൾ.

* 40. [44] ശ്രീ. പ്രാക്കുളം ജോസി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറും കയറുൽപ്പന്നങ്ങളും 1953-54 എന്നീ വർഷത്തിൽ ഏതെങ്കിലും പുതിയ വിദേശരാജ്യങ്ങളിലേയ്ക്കു് കയറ്റി അയച്ചിട്ടുണ്ടോ;

(ബി) ഇൻഡ്യാഗവണ്മെൻറ് വിദേശരാജ്യങ്ങളുമായി നടത്തുന്ന കച്ചവട ഉടമ്പടികളിൽ കയറിനെക്കൂടി ഇപ്പോൾ ഉൾപ്പെടുത്തുന്നുണ്ടോ;

(സി) കയറിനും കയറുൽപ്പന്നങ്ങൾക്കും പുതിയ മാർക്കറ്റുകൾ കണ്ടുപിടിക്കുന്നതിനു് കയർ കമ്മിറ്റിയോ ബോർഡിനു സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഫലമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കയറും കയറുൽപ്പന്നങ്ങളും 1953-54 എന്നീ വർഷത്തിൽ ഏതെങ്കിലും പുതിയ വിദേശരാജ്യങ്ങളിലേയ്ക്കു് കയറ്റി അയച്ചിട്ടുണ്ടോ എന്നു് അറിവില്ല. യൂണൈറ്റഡ് കിംഗ്ഡം, അമേരിക്ക, ജപ്പാൻ, ആഫ്രിക്ക മുതലായ മിക്ക വിദേശരാജ്യങ്ങളിലേയ്ക്കും കയറും കയറുൽപ്പന്നങ്ങളും അയച്ചിട്ടുണ്ടു്.

(ബി) ഇൻഡ്യാഗവണ്മെൻറ് വിദേശരാജ്യങ്ങളുമായി ചെയ്യുന്ന കച്ചവട ഉടമ്പടികളിൽ കയറും കയറുൽപ്പന്നങ്ങളും സാധാരണയായി ഉൾപ്പെടാറുണ്ടു്. കരാറിൽ ഉൾപ്പെടുത്തിയതുകൊണ്ടു് വിദേശ രാജ്യങ്ങൾ കയറോ കയറുൽപ്പന്നങ്ങളോ വാങ്ങുവാൻ നിർബന്ധിതരല്ല.

(സി) കയർബോർഡു് ഇതേവരെയും കയറുൽപ്പന്നങ്ങൾക്കു് പുതിയ വിപണികൾ കണ്ടുപിടിക്കുവാൻ നേരിട്ടു ശ്രമിച്ചിട്ടില്ല. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഇപ്പോഴുള്ള വിപണികൾ വിപുലപ്പെടുത്തുവാനും പുതിയവ കണ്ടുപിടിക്കുവാനുമായി ട്രേഡ് ഡെലിഗേറ്റ്സിനെ അയയ്ക്കുവാൻ ഉദ്ദേശമുണ്ടു്.

പമ്പിംഗ് സബ്സിഡി.

* 41. [45] ശ്രീ. ജോസഫ് മുണ്ടശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽകൃഷിക്കു് പമ്പിംഗ് സബ്സിഡി കൊടുക്കുന്നതു് എന്തടിസ്ഥാനത്തിലാണു്;

(ബി) തൃശ്ശൂർ താലൂക്കിലെ കോൾനിലങ്ങളിൽ കൃഷി ചെയ്യുന്നവർക്കു് പമ്പിംഗ് സബ്സിഡി കൊടുക്കേണ്ടതാണെന്നു് കാണിച്ചു് വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടി എടുത്തു ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) കഴിഞ്ഞവർഷങ്ങളിൽ നടത്തിവന്നിരുന്ന കായ കൃഷി വർഷംതോറും നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും വെള്ളം വറ്റിക്കുന്നതിന്റെ അനിവാര്യമായ ചെലവിനെ പരിഗണിച്ചുമാണു്.

(ബി) ഉണ്ടു്.

(സി) പ്രസ്തുത നിവേദനങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ഡിസ്പെൻസറികൾ.

* 42. [46] ശ്രീ. ജോസഫ് മുണ്ടശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യമായി സ്ഥലം ഏർപ്പെടുത്തിത്തന്നാൽ ജനങ്ങളുടെ ആവശ്യമനുസരിച്ചു് ഡിസ്പെൻസറികൾ തുറന്നുകൊടുക്കുന്ന സമ്പ്രദായം ഗവണ്മെന്റു് ഒരു നയമായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ചേർപ്പു് നിയോജകമണ്ഡലത്തിൽ അന്നാടത്തു് മേൽപ്പറഞ്ഞ അടിസ്ഥാനത്തിൽ ഒരു ഡിസ്പെൻസറി തുറന്നുതരുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടി എടുത്തു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഒരു സ്ഥലത്തു് ഡിസ്പെൻസറി ആവശ്യമാണെന്നു് ഗവണ്മെന്റിനു ബോദ്ധ്യമായാൽ പ്രസ്തുത സ്ഥലത്തെ ജനങ്ങൾ സ്ഥലവും കെട്ടിടവും സൗജന്യമായി വിട്ടുതന്നാൽ ഡിസ്പെൻസറികൾ അനുവദിക്കുക എന്ന തത്വം അംഗീകരിച്ചിട്ടുണ്ടു്.

(ബി) അന്നാടത്തു് ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടുവാൻ അപേക്ഷ കിട്ടിയിട്ടുണ്ടു്.

(സി) വൈദ്യസഹായ ക്രമീകരണത്തെപ്പറ്റി റിപ്പോർട്ടു സമർപ്പിക്കുവാൻ നിയോഗിച്ചിട്ടുള്ള കമ്മിറ്റിയുടെ സുപാർശകൾ അറിയട്ടേ എന്നു് സർജൻ ജനറൽ അപേക്ഷകരെ അറിയിച്ചിട്ടുണ്ടു്.

ബസ്സുപകടങ്ങൾ.

* 43. [47] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 ജനുവരി മുതൽ മേയ്മാസം അവസാനം വരെ സ്റ്റേറ്റിൽ ആകെ എത്ര ബസ്സുപകടങ്ങൾ ഉണ്ടായിട്ടുണ്ടു് ;

(ബി) എത്രപേർ മരണമടഞ്ഞിട്ടുണ്ടു്; പരുക്കേറ്റവരുടെ കണക്കെത്ര ;

LIBRARY ARCHIVES Kerala Legislative Assembly